II ഇ.ബി. XIII- കേരള നിയമസഭ/XI- 14

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ജൂൺ 26, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

46 (*391) ദേശീയപാതകളുടെ വിപുലീകരണ പ്രവർത്തനങ്ങൾ

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) നൽകിയ മറുപടിയിൽ, ഭൂമി ലഭ്യമായ ഇടങ്ങളിൽ 45 മീറ്റർ വീതിയിൽ ദേശീയപാത വികസിപ്പിക്കണമെന്നുള്ളതാണ് സർക്കാർ നയമെന്നും എന്നാൽ ആവശ്യമായ ഭൂമി ലഭ്യമല്ലാത്തയിടങ്ങളിൽ 30 മീറ്ററിൽ കേന്ദ്ര സഹായ ത്തോടെ നാലുവരിപ്പാത നിർമ്മിക്കുന്ന കാര്യം പരിശോധിച്ചു വരികയാ ണെന്നും ഈ കാര്യങ്ങൾ സർക്കാർ തലത്തിലും സർവ്വകക്ഷി തലത്തിലും ചർച്ച ചെയ്യുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയവും ഇന്ത്യൻ റോഡ് കോൺഗ്രസ്സും (IRC) കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് ദേശീയ പാതകളിലെ വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം സർവ്വീസ് റോഡോടുകൂടി നാലുവരി ദേശീയ പാത യ്ക്കുവേണ്ടുന്ന റൈറ്റ് ഓഫ് വേ (ROW) 60 മീറ്റർ ആണെങ്കിലും കേരള

ത്തിലെ ജനസാന്ദ്രതയും ഭൂമി ഏറ്റെടുക്കുന്നതിനുണ്ടാകുന്ന ബുദ്ധിമുട്ടുകളും പരിഗണിച്ച് ദേശീയ പാതയുടെ റൈറ്റ് ഓഫ് വേ 45 മീറ്ററായി ചുരുക്കണമെന്ന് 17.08.2010-ൽ കൂടിയ സർവ്വകക്ഷി യോഗം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചതിനെ തുടർന്ന് ദേശീയപാതാ വികസന പദ്ധതി ഘട്ടം II, III എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുള്ള NH-17- ന്റേയും NH-47-ന്റേയും റൈറ്റ് ഓഫ് വേ 45 മീറ്ററായി കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയം അംഗീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ NH-47 -ന്റെ ഭാഗമായ തൃശ്ശൂർ-അങ്കമാലി-ഇടപ്പള്ളി ഭാഗത്തെ വികസന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വാളയാർ മുതൽ തൃശ്ശൂർ വരെയുള്ള ഭാഗത്തെ പണി പുരോഗമിച്ചുവരുന്നു. ദേശീയപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ദേശീയപാതാ വികസന അതോറിറ്റി (NHAI) മുഖാന്തിരം ബി.ഒ.റ്റി. (Build Operate and Transfer) വ്യവസ്ഥയിൽ 45 മീറ്റർ വീതിയിൽ വികസിപ്പിക്കുവാൻ വിഭാവന ചെയ്തിട്ടുള്ള 799 കിലോമീറ്ററിൽ 240 കിലോമീറ്ററിലെ വികസന പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ഭൂമി ഏറ്റെടുക്കുന്നതിൽ കാര്യമായ പുരോഗതിയുണ്ടാകാത്ത സാഹചര്യത്തിൽ NH-17-ന്റെ ഇടപ്പള്ളി-കുറ്റിപ്പുറം ഭാഗവും NH-47-ന്റെ ചേർത്തല-കഴക്കൂട്ടം ഭാഗവും ദേശീയ പാതാ വികസന പദ്ധതി II, III ഘട്ടങ്ങളിൽ നിന്നും ഒഴിവാക്കിക്കൊണ്ട് 05.03.2014-ൽ കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ ഭാഗങ്ങളിൽ വർദ്ധിച്ചുവരുന്ന വാഹന സാന്ദ്രതയും അപകട നിരക്കും പരിഗണിച്ച് ലഭ്യമായ വീതിയിൽ ദേശീയപാതകൾ വികസിപ്പിക്കുന്ന കാര്യം ആലോചിച്ചുവരു

ന്നു. കേരളത്തിലെ മറ്റ് ദേശീയ പാതകളായ ബോഡിമെട്ട്–കുണ്ടന്നൂർ (NH-49) കൊല്ലം–കടുത്തുരുത്തി (NH-208) കോഴിക്കോട്–മുത്തങ്ങ (NH-212) കോഴിക്കോട്–പാലക്കാട് (NH-213) കൊല്ലം–തേനി (NH-220) എന്നിവ പേവ്ഡ് ഷോൾഡർ (ടാർ ചെയ്ത പാർശ്വം) കൂടി ബി.ഒ.റ്റി. വ്യവസ്ഥയിൽ രണ്ടുവരി പാതയായി ദേശീയപാതാ വികസന പദ്ധതി IV A യിൽ ഉൾപ്പെടുത്തി വികസിപ്പിക്കുവാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് ഈ പാതകളെ ദേശീയപാതാ വികസന പദ്ധതിയിൽ നിന്ന് വേർപെടുത്തുകയും ഇവയുടെ വികസനം നിലവിലെ നിയമമനുസരിച്ച് പേവ്ഡ് ഷോൾഡർ (ടാർ ചെയ്ത പാർശ്വം) കൂടി രണ്ടുവരിപ്പാതയായി കേന്ദ്ര ഗവൺമെന്റ് വിഭാവന ചെയ്തിട്ടുളള ''ഇടനാഴി പദ്ധതി''യിൽ ഉൾപ്പെടുത്തി ടോൾ പിരിവോടുകൂടി നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു. ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് സർവ്വകക്ഷി യോഗം വിളിച്ച് അഭിപ്രായം ആരായുന്നതും ഇതുമായി ബന്ധപ്പെട്ട് സ്ഥലം നഷ്ടപ്പെടുന്നവരുടെ പുനരധിവാസത്തിന് റിബൺ/ബലൂൺ ഡെവലപ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്. കൊല്ലം/ആലപ്പുഴ ബൈപ്പാസുകൾ എത്രയുംവേഗം പ്രാവർത്തികമാക്കുന്നതാണ്. സാമാജികരുടെയും ജനപ്രതിനിധികളുടെയും സഹകരണത്തോടെ ഭൂമി ലഭ്യമാക്കിയാൽ വല്ലാർപാടം–കോഴിക്കോട് തീരദേശ ഇടനാഴിയുമായി ബന്ധപ്പെട്ട പാലങ്ങളുടെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഒരു മാസത്തിനുള്ളിൽ ഭരണാനുമതി നൽകുന്നതും കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മൂന്ന് മാസത്തിനുള്ളിൽ ആരംഭിക്കുന്നതുമാണ്. മിഷൻ 676-ൽ ഉൾപ്പെട്ട

സ്പീഡ് കേരള പദ്ധതി പ്രകാരം ഫ്ളൈ ഓവറുകളും ഭൂഗർഭ പാതകളും നിർമ്മിക്കുന്നതും ഇതിനായി റവന്യു വകുപ്പിന്റെ സഹകരണം തേടുന്നതുമാണ്. കണ്ണൂർ ബൈപ്പാസിനുവേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നതോടൊപ്പം തലശ്ശേരി-മാഹി ബൈപ്പാസ് സ്റ്റാന്റ് എലോൺ പ്രോജക്ടായി സ്പീഡ് കേരളയിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. റിബൺ/ബലൂൺ സംവിധാനത്തിലുൾപ്പെടുത്തി അങ്കമാലി ബൈപ്പാസ് നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പറവണ്ണ-താനൂർ തീരദേശ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതുമാണ്. ബൈപ്പാസ് നിർമ്മാണം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ ദേശീയപാത വികസന പ്രവർത്തനങ്ങൾ മുടങ്ങിയിരിക്കുന്നുവെന്നുള്ള പരാതികളിന്മേൽ കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപടി സ്വീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കൊച്ചി-മധുര നാഷണൽ ഹൈവേയുടെ നിർമ്മാണത്തിന് കേന്ദ്ര-സംസ്ഥാന വനംവകുപ്പുകളിൽനിന്നും അനുമതി ആവശ്യപ്പെടുന്നതാണെന്നും സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി തൃപ്പൂണിത്തുറ ബൈപ്പാസ് നിർമ്മിക്കുന്നതാണെന്നും കോതമംഗലം, ആറ്റിങ്ങൽ ബൈപ്പാസുകളുടെ നിർമ്മാണത്തിന് പരിഗണന കൊടുക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**47(*392)** <u>മാവേലി സ്റ്റോറുകളിൽ സബ്സിഡി അരി ലഭ്യമാക്കുവാൻ നടപടി</u>

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ആവശ്യകത കണക്കിലെടുത്ത് അന്യസം

സ്ഥാനങ്ങളിൽനിന്നും അരി വാങ്ങി പൊതുവിതരണ ശൃംഖലയിലൂടെയും മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ തുടങ്ങി യവയിലൂടെയും കുറഞ്ഞ നിരക്കിൽ വിതരണം ചെയ്തുവരുന്നതായി സഭയെ അറിയിച്ചു. അന്യസംസ്ഥാനങ്ങളിലുണ്ടാകുന്ന കാലാവസ്ഥാ വ്യതി യാനം, കയറ്റിറക്ക് കൂലിച്ചെലവിലുണ്ടാകുന്ന വർദ്ധനവ്, പെട്രോൾ, ഡീസൽ വില വർദ്ധനവ് മുതലായവമൂലം അരിയുടെ വിലയിൽ ആനുപാതികമായ മാറ്റമുണ്ടാകുമെങ്കിലും സർക്കാരിന്റെ സമയോചിതമായ വിപണിയിടപെടൽ മുഖാന്തിരം വില നിയന്ത്രിച്ച് നിറുത്തുന്നതിന് കഴിയുന്നുണ്ട്. 25 ലക്ഷ ത്തിനു മുകളിൽ മൊത്തം വിലയുള്ള സാധനങ്ങൾ ഇ–ടെണ്ടർ മുഖേന മാത്രമേ വാങ്ങാവൂ എന്ന ഉത്തരവുള്ളതിനാൽ അയൽ സംസ്ഥാനങ്ങളിലെ അരിമില്ലുകളിൽ നിന്നും നേരിട്ട് അരി വാങ്ങുന്നത് പ്രായോഗികമല്ല. സപ്ലൈകോ ഔട്ട്ലെറ്റുകളിലൂടെ വിതരണം ചെയ്യേണ്ട അരി കരിഞ്ചന്തയിൽ വിറ്റഴിക്കപ്പെടുന്നതായ കേസുകളിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെ തിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റിക ളുടെ നേതൃത്വത്തിൽ മായം കലർന്ന അരി വിൽക്കുന്നതായ പരാതി പരിശോധിക്കുന്നതും കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുള്ള കമ്പനികൾ ടെണ്ടറിൽ പങ്കെടുക്കുന്നുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കുന്നതുമാണ്. ഉത്സവകാലങ്ങളിൽ ജില്ലാ/താലൂക്ക് തലങ്ങളിലും മാവേലി സ്റ്റോറുകളി ല്ലാത്ത പഞ്ചായത്തുകളിലും മെട്രോ ഫെയറുകൾ സംഘടിപ്പിച്ച് വില നിയന്ത്രണം നടപ്പാക്കുന്നതാണ്. മാവേലി സ്റ്റോറുകൾ കേന്ദ്രീകരിച്ച് നടക്കുന്ന അഴിമതികൾ തടയുന്നതിന് ഗുണഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച് പരിശോ ധന നടത്തുന്നതും റിപ്പോർട്ടുകൾ രണ്ട് മാസത്തിലൊരിക്കൽ വിലയിരുത്തു ന്നതുമാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ ഭൗതിക സാഹചര്യമൊരുക്കുന്ന

മുറയ്ക്ക് പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ആവശ്യമായ പരിശോധന നടത്തി തീരുമാനമെടുക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

48 (*393) <u>കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ പ്രവർത്തനം</u>

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) നൽകിയ മറുപടിയിൽ, വനാവകാശ സർവ്വെ പ്രവർത്തനങ്ങൾ, GPS സർവ്വെ, ഡിജിറ്റൈസേഷൻ പ്രോഗ്രാമുകൾ എന്നിവയ്ക്ക് പുറമെ കേന്ദ്രാവിഷ്കൃത പദ്ധതിയായ NLRMP യുടെ ഗുണഫലങ്ങളും സംസ്ഥാനത്തെ റവന്യു, സർവ്വെയും ഭൂരേഖയും എന്നീ വകുപ്പുകൾക്ക് എത്തിക്കുന്നതിനുവേണ്ടി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഭൂമി കേരളം പദ്ധതി നടപ്പാക്കുന്നതിനായി രൂപീകരിച്ച കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ എംപവേർഡ് കമ്മിറ്റി മുഖാന്തിരം അംഗീകാരം ലഭ്യമാകുന്ന ലാന്റ് റെക്കോർഡ് മോഡേണൈസേഷൻ പദ്ധതികളുടെ നടത്തിപ്പിന്റെ ഓരോ ഘട്ടത്തിലും വേണ്ടതായ അവലോകനങ്ങളും, വിലയിരുത്തലുകളും റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, (മിഷൻ ഡയറക്ടർ) അദ്ധ്യക്ഷനായ ടെക്നിക്കൽ കമ്മിറ്റിയിൽ നടന്നു വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. റീസർവ്വെ ജോലികൾക്കായി നിയോഗിച്ച സർവ്വേയർമാരിൽ ഭൂരിഭാഗവും ആധുനിക രീതിയിൽ പരിശീലനം സിദ്ധിച്ചവരായിരുന്നെങ്കിലും അവരിലേറെയും പുതുതായി സർവ്വീസിൽ പ്രവേശിച്ചവരായിരുന്നതുകൊണ്ടുള്ള പ്രായോഗിക പരിചയക്കുറവും പരിശീലനം സിദ്ധിച്ച മതിയായ സൂപ്പർവൈസറി ജീവനക്കാരുടെ (HS/HD) കുറവും ജോലിയുടെ കൃത്യതയും വേഗവും

കുറയ്ക്കുന്നതിന് കാരണമായിട്ടുണ്ട്. കൂടാതെ പ്രോജക്ടിന്റെ ജില്ലാ അധികാരികളായ ജില്ലാ പ്രോജക്ട് ഓഫീസർ, യൂണിറ്റ് ഓഫീസർമാർ എന്നിവർ സർവ്വെ വകുപ്പിന്റെ ചുമതലകൾക്ക് പുറമെ അധിക ചുമതലയായിട്ടാണ് മിഷന്റെ സർവ്വെ ജോലികളുടെ മേൽനോട്ടം വഹിച്ചിരുന്നതെന്നതും grid system ഉപയോഗിച്ചുള്ള സർവ്വെ രീതി ആദ്യമായി നടപ്പിലാക്കിയപ്പോൾ സാങ്കേതികമായി നേരിടേണ്ടി വന്ന ആശയക്കുഴപ്പങ്ങളും ഭൂമികേരളം വിഭാവന ചെയ്തിരുന്നതുപോലെ സാറ്റലൈറ്റ് ഇമേജുകളുടെ സഹായത്താൽ ത്വരിത ഗതിയിലുള്ള സർവ്വെയും നടപ്പാക്കുവാൻ കഴിഞ്ഞിരുന്നില്ല. സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകതയും സർവ്വെ പ്ലോട്ടുകളുടെ സാന്ദ്രതയും നിമിത്തം ലക്ഷ്യമിട്ടിരുന്ന റീസർവ്വെ കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിലും മിഷന്റെ പ്രവർത്തനം സർവ്വേയുടെ മറ്റു മേഖലകളിൽ സജീവമാണ്. ഇതു മൂലം ആദിവാസികൾക്ക് നൽകേണ്ട ഭൂമി കണ്ടെത്തുന്നതിന് തടസ്സമുണ്ടായി ട്ടില്ല. അനധികൃത ഭൂമി കയ്യേറ്റം നടത്തിയതായി പരാതി ലഭിച്ചാൽ അതിനെ തിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണെന്നും ആദിവാസികൾക്ക് ഭൂമി കണ്ടെത്തുന്നതിനായി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിന്റെയടിസ്ഥാന ത്തിൽ അവർക്ക് ഭൂമി ലഭ്യമാക്കുന്നതാണെന്നും ആകെയുള്ള 1634 വില്ലേജു കളിൽ 864 വില്ലേജുകളുടെ റീസർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും ബാക്കിയുള്ള 770 വില്ലേജുകളിൽ സാമാജികരുടെയും ജനപ്രതിനിധികളു ടെയും സഹകരണത്തോടെ മൂന്ന് വർഷത്തിനുള്ളിൽ റീസർവ്വെ പൂർത്തി യാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായും ഉപചോദ്യങ്ങൾക്ക് മറുപടി യായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 4288 മുതൽ 4615 വരെയുള്ള ചോദ്യങ്ങളിൽ 54 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)